# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.791

09.08.2017-ൽ മറുപടിയ്ക്ക്

**കായംകുളത്ത് മൾട്ടിപ്ലക്സ് തീയേറ്ററിന്റെ നിർമ്മാണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.യു.പ്രതിഭ ഹരി | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) സിനിമാ തീയേറ്ററുകൾ ഇല്ലാത്ത ഏക നഗരസഭയായ കായംകുളത്ത് അനുവദിച്ച് മൾട്ടിപ്ലക്സ് തീയേറ്ററിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ? | (എ) നല്ല മലയാള ചലച്ചിത്രങ്ങൾ പ്രേക്ഷകരിൽ എത്തിക്കുന്നതിനായി കേരളത്തിലങ്ങോള മിങ്ങോളം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ സർക്കാർ വകുപ്പുകളോ അനുവദിക്കുന്ന സ്ഥലങ്ങളിൽ ആധുനിക നിലവാരത്തിലുള്ള തീയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി 100 കോടി രൂപ കിഫ്ബി ഫണ്ടിൽ നിന്നും കണ്ടെത്തുമെന്ന് 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ടി പദ്ധതിയിൽ കായംകുളമടക്കമുള്ള സ്ഥലങ്ങളിൽ തീയേറ്റർ സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. ഡി.പി.ആർ അംഗീകരിച്ച് കിഫ്ബി ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുകയുള്ളൂ. കായംകുളം നഗരസഭയുടെ സ്ഥലം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് കൈമാറുന്നതിലേക്കുള്ള കരട് എഗ്രിമെന്റ് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ അംഗീകരിച്ച് തുടർ നടപടികൾക്കായി നഗരസഭയ്ക്ക് നൽകിയിട്ടുണ്ട്. നഗരസഭയും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനും എഗ്രിമെന്റിൽ ഏർപ്പെട്ടു കഴിഞ്ഞാൽ കിഫ്ബിയുടെ ചട്ടപ്രകാരം തീയേറ്റർ നിർമ്മാണവുമായി ബന്ധപ്പെട്ട അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ